# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## തെങ്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPKD/P25-1075/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/08/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെങ്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPKD/P25-1075/24 തീയ്യതി: 14/08/2024

## പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-10-2023 **മുതൽ** 27-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി.ഷോബി | ഡെപ്യൂട്ടി ഡയറക്ടർ | 27-06-2024 | 05-07-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-06-2024 | 05-07-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുസ്മിത.കെ.വി - ഓഡിറ്റ് ഓഫീസർ
ബീന എം.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
ആതിര. എച്ച്- സീനിയർ ഗ്രേഡ് ഓഡിറ്റർ
ഗീത.കെ - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷൗക്കത്തലി.എ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. അനിൽകുമാർ. എ | സെക്രട്ടറി | 01-04-2023 | 12-05-2023 |
| ശ്രീ.ശിവപ്രകാശൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-05-2023 | 28-05-2023 |
| ശ്രീ. അനിൽകുമാർ. എ | സെക്രട്ടറി | 29-05-2023 | 23-11-2023 |
| ശ്രീ.ശിവപ്രകാശൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-11-2023 | 03-12-2023 |
| ശ്രീമതി.യമുന.കെ.കെ | സെക്രട്ടറി | 04-12-2023 | 15-12-2023 |
| ശ്രീ.ശിവപ്രകാശൻ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-12-2023 | 21-12-2023 |

| | | | |
|---|---|---|---|
| ശ്രീമതി.ഗീത.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-12-2023 | 07-01-2024 |
| ശ്രീമതി.യമുന.കെ.കെ | സെക്രട്ടറി | 08-01-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശിവപ്രകാശൻ.കെ | അസിസ്ററന്റ് സെക്രട്ടറി | 01-04-2023 | 21-12-2023 |
| ശ്രീമതി.ഗീത.പി | അസിസ്ററന്റ് സെക്രട്ടറി | 22-12-2023 | 31-03-2024 |
| ശ്രീമതി.ആരതി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.മഹേഷ്.ടി.എം | വി ഇ ഒ | 01-04-2023 | 31-03-2024 |
| ശ്രീമതി.ദീപ്തി മോണിക | കൃഷി ഓഫീസർ | 01-04-2023 | 23-11-2023 |
| ശ്രീമതി.മഞ്ജുഷ | കൃഷി ഓഫീസർ | 24-11-2023 | 31-03-2024 |
| ഡോ.ജീവ.എൽ | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.തങ്കം.കെ.പി | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീ.അനീഷ് നാരായൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ഡോ.ജംഷിദ്.ടി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ഡോ.ഷാജി.യു | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 31-03-2024 |
| ശ്രീമതി.ശ്രീലത.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-2 |
| 4 | വാർഷികകണക്കിലെ ചെലവ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 10 | ക്ഷേമപദ്ധതികൾ | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-11-1 |
| 15 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-11-2 |
| 16 | തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-11-3 |
| 17 | തൊഴിൽ നികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ | 1-11 |
| 18 | പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് | 1-12 |
| 19 | പെർമിറ്റ് അനുവദിക്കുന്നതിൽ സമയ പരിധി പാലിക്കുന്നില്ല | 1-13-1 |
| 20 | പെർമിറ്റ് രജിസ്റ്റർ കാലികമാക്കി വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല | 1-13-2 |
| 21 | റഗുലറൈസ്ഡ് ബിൽഡിംഗ് രജിസ്റ്റർ | 1-13-3 |
| 22 | കെട്ടിട നിർമ്മാണ പെർമിറ്റ് - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ | 1-13 |
| 23 | പൊതു ടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക നിലനിൽക്കുന്നത് ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു | 1-14 |
| 24 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ - മീറ്ററിങ്ങ് സംവിധാനത്തിലേക്കു മാറിയിട്ടില്ല. | 1-15 |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-16 |
| 26 | സ്മാർട്ട് ഗാർബേജ് ആപ്പ് പദ്ധതി - പ്രവർത്തനങ്ങൾ തുടർ നിരീക്ഷിക്കേണ്ടതാണ്. | 1-17 |
| 27 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-18 |
| 28 | ലൈഫ് ഭവനനിർമ്മാണം- ഗുണഭോക്താവിന് അധികമായി തുക അനുവദിച്ചു | 1-19 |
| 29 | പി.എം.എ.വൈ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-20 |
| 30 | അങ്കണവാടി പോഷകാഹാരം- അധിക തുക നൽകി | 1-21 |
| 31 | അനുപൂരക പോഷകാഹാര പദ്ധതി - ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. | 1-22 |
| 32 | വാഹനം വാടകയ്ക്ക് എടുക്കൽ -ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-23 |
| 33 | നാപ്കിൻ വെൻഡിങ്ങ് മെഷീനും ഇൻസിനേറ്റർ സ്ഥാപിക്കൽ- പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ | 1-24 |
| 34 | അങ്കണവാടി പോഷകാഹാരം -വാഹനം വാടക നൽകൽ രേഖകൾ ഹാജരാക്കേണ്ടതാണ് | 1-25 |
| 35 | ആർട്ട്കോ മുഖേന ഉപകരണങ്ങൾ വാങ്ങൽ - നിബന്ധനകൾ പാലിച്ചില്ല. | 1-26 |

| | | |
|---|---|---|
| 36 | എ.ബി.സി പ്രോഗ്രാം -വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്. | 1-27 |
| 37 | എസ്.എസ്.എ. വിഹിതം -വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-28 |
| 38 | മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-29 |
| 39 | പ്രവൃത്തികൾ ആരംഭിക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല | 1-30 |
| 40 | ഭരണസമിതിയോഗമിനുട്സ് ക്ലോസ് ചെയ്യുന്നതിൽ കാലതാമസം | 1-31 |
| 41 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യസംസ്കരണം ഹരിത കർമ്മ സേനയിലൂടെ - അവലോകനം | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ലൈഫ് ഭവനനിർമ്മാണം- ഗുണഭോക്താക്കൾക്ക് അധികമായി തുക അനുവദിച്ചു | 3-1 |
| 2 | അങ്കണവാടി പോഷകാഹാരം- അധിക തുക നല്കി | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 15.5.24 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 16.5.24 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ബി. <u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തെങ്കര ഗ്രാമപഞ്ചായത്തിന്റെ (സാമ്പത്തിക വർഷം) വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024.ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്
തിയ്യതി : 14-8-'24.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

## 1-1-2 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation, B-11(e)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-3 വാർഷികകണക്കിലെ ചെലവ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

താഴെ സൂചിപ്പിക്കുന്ന ഗ്രാന്റുകളുടെ വാർഷികകണക്കിലെ ചെലവ് ACR/ സുലേഖ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

1. മെയിന്റനൻസ് ഗ്രാന്റ് – നോൺറോഡ്
2. സി.എഫ്.സി ഗ്രാന്റ്

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 20/03/2022 തീയതിയിലെ 1/1 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 23/01/2024 തീയതിയിലെ 16/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | വാർഷിക ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 2700029 | 2700029 |
| വരവ് | 190581000 | 345035704 |
| ആകെ | 193281029 | 347735733 |
| ചെലവ് | 187768890 | 344715000 |
| നീക്കിയിരിപ്പ് | 5512139 | 3020733 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26435364 |
| വരവ് | 46812825 |
| ആകെ | 73248189 |
| ചെലവ് | 41466018 |
| നീക്കിയിരിപ്പ് | 31782171 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനങ്ങളിലെ വരവ്, ചെലവുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

മറ്റ് ഫണ്ടുകളുടെ വരവ്, ചെലവ് വിവരം ഖ. 1-4 ൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 28494180 | 28494180 | 23830438 | 4663742 |
| വികസന | 0 | 6053000 | 6053000 | 4345725 | 1707275 |

| | | | | | |
|---|---|---|---|---|---|
| ഫണ്ട് - എസ്.സി.പി | | | | | |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 1572000 | 1572000 | 1197101 | 374899.00 |
| മെയ്ന്റ നൻസ് ഗ്രാന്റ് റോഡ് | 0 | 7560000 | 7560000 | 1862020 | 5697980 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4973400 | 4973400 | 4970116 | 3284 |
| CFC-അൺടൈഡ് ഗ്രാന്റ്-New | 10674443 | 5092834 | 19341777 | 2194229 | 14838711* |
| CFC-ടൈഡ് ഗ്രാന്റ്-New | | 3574500 | | 2308837 | |
| -Health Grant-Converion Of Rural PHCs – Wellness | 55691 | 396735 | 452426 | 158901 | 293525 |
| Health Grant-Diagnostic Infrastructure To PHCs | 182062 | 949419 | 1131481 | 89275 | 1042206 |
| Health Grant-Buidingless Subcentre | 0 | 2803919 | 2803919 | 124 | 2803795 |

(*) മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ചെലവ് ACR പ്രകാരം 4731498 രൂപയും വാർഷിക കണക്കിൽ 4970116 രൂപയുമാണ് ചേർത്തിട്ടുള്ളത്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല

സി.എഫ്.സി ചെലവ് - വാർഷികകണക്കും ACR തമ്മിൽ പൊരുത്തപ്പെടുന്നില്ല.

CFC യിൽ 31.3.24 ന് ചെലവിൽ ഉൾപ്പെടുത്തിയതും എന്നാൽ തുക ഒടുക്കാത്തതുമായ TDS 105121 രൂപ ബാലൻസ് ഷീറ്റിൽ ലയബിലിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുന്നിരിപ്പ് തുകയിൽ 16697 രൂപ വ്യത്യാസം വരുത്തിയിട്ടുണ്ട്. ആയതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

**<u>കേന്ദ്രാവിഷ്കൃതം</u>**

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 1108766 | 2120869 | 3229635 | 1154746 | 2074889 |
| സമ്പൂർണ്ണ ശുചിത്വം | 1387423 | 5000 | 1392423 | 1384892 | 7531 |

**ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14951 | 809303 | 824254 | 810209 | 14045 |
| തൊഴിലാളികളുടെ വേതനം | 0 | 56162639 | 56162639 | 56162639 | 0 |
| ആകെ | 14951 | 56971942 | 56986893 | 56972848 | 14045 |

**സംസ്ഥാനാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ (State Share) | 100000 | 3313800 | 3413800 | 2113800 | 1300000 |
| Total Sanitation | 314500 | 0 | 314500 | 230192 | 84308 |

**1-5 പദ്ധതി അവലോകനം**

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 289 | 236950349 | 152 | 59498316 | 137 | 52.6 |

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4047066 | 3 | 1516256 | 37.5 |
| വെറ്റിനറി സർജൻ | 10 | 6055000 | 5 | 715600 | 11.82 |
| മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 13 | 3809875 | 11 | 1642975 | 43 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 2150000 | 3 | 2063105 | 96 |
| ഹെഡ് മാസ്റ്റർ | 6 | 1200000 | 3 | 717750 | 60 |
| വി.ഇ.ഒ | 17 | 153902136 | 10 | 20776996 | 14 |
| ICDS സൂപ്പർ വൈസർ | 18 | 9856650 | 11 | 5280992 | 54 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2100000 | 2 | 1385460 | 66 |

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 62 | 20723707 | 26 | 13884555 | 67 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 135 | 29651890 | 71 | 9884169 | 33 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 3454025 | 7 | 1630458 | 47 |
| ആകെ | 289 | 236950349 | 152 | 59498316 | 25 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14951 | 809303 | 824254 | 810209 | 14045 |
| തൊഴിലാളികളുടെ വേതനം | 0 | 56162639 | 56162639 | 56162639 | 0 |
| ആകെ | 14951 | 56971942 | 56986893 | 56972848 | 14045 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2632400 | 236 |
| 2 | വാർദ്ധക്യകാല പെൻഷൻ | 20454900 | 2095 |
| 3 | വികലാംഗ പെൻഷൻ | 3993100 | 367 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 897400 | 86 |
| 5 | വിധവാ പെൻഷൻ | 15599400 | 1457 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-06-2024 തീയതി 2.50 PMന് സ്ഥാപനത്തിലെ ഹെഡ് ക്ളാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,581 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എങ്കിലും ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1.തനത് വരുമാനം തീരെ കുറഞ്ഞ ഈ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിന് പുതിയ തനത് വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.
2. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നാളിതുവരെയും പൂർണ്ണമായും

നടപ്പിലാക്കിയിട്ടില്ല.
3.ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച ഗ്രാന്റുകളുടെ വിനിയോഗത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് ഫണ്ട് ലാപ്സ് ആകുന്നതിന് കാരണമായി. ആയത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.
അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

9/2018 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2011-12 മുതൽ 2017-18 വരെയുള്ള വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 12/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. തുടർന്ന് പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

**1-11-1 ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല**

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പൊരുത്തപ്പെടുത്തി പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | വെള്ളാരം കുന്ന് ക്ഷീരോല്പാദക സംഘം | 1&2അർദ്ധ വർഷം |

ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം 5/29-06-24 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-11-2 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല**

തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ്, ലൈസൻസ് അപേക്ഷകൾ എന്നിവ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം 5- 29-06-24 )

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) | ഈടാക്കിയ ആകെ തൊഴിൽ നികുതി (1&2അർദ്ധവർഷം) | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ |
|---|---|---|---|---|
| 1 | പി.എസ് പെട്രോളിയം | 6 | - | 2 |
| 2 | ജയ് ഹിന്ദ് എന്റർപ്രൈസസ് ഗ്യാസ് ഏജൻസി ഓഫീസ് | 13 | - | 12 |
| 3 | ഊരാളുൻ ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റി (ടാർ മിക്സിംങ് പ്ലാന്റ്) | രേഖപ്പെടുത്തിയിട്ടില്ല | - | |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-11-3 തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിട്ടില്ല**

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ താഴെ പറയുന്ന ഇനങ്ങൾ അക്കൗണ്ട്സുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

| അക്കൗണ്ട് കോഡ് | ഹെഡ് ഓഫ് അക്കൗണ്ട് | അക്കൗണ്ട്സ് പ്രകാരം | | രജിസ്റ്റർ പ്രകാരം | |
|---|---|---|---|---|---|
| | | ഡിമാന്റ് (I&E) | കളക്ഷൻ (R&P) | ഡിമാന്റ് | കളക്ഷൻ |
| 110200102 | Profession Tax - Employees | 772300 | 744800 | 748300 | 748300 |
| 110200105 | Profession Tax - Traders +Institution+ Advance Collectionof Revenue- Institution / Professionals/ Traders | 208870+ 19950- 228820 | 141250+ 19950+ 67020 - 228220 | രേഖപ്പെടു- ത്തിയിട്ടില്ല | 63420 (Advance)+ 134650 (Current) = 198070 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 5/29-06-24 ന് മറുപടിയിൽ ആയത് പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-11 തൊഴിൽ നികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ**

തൊഴിൽ നികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ ഉപഖണ്ഡികളായി ചേർക്കുന്നു.

**1-12 പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്**

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 201 സ്ഥാപനങ്ങളാണ് ഉള്ളത്. സഞ്ചയയിലെ ഡാറ്റ പ്രകാരം 1194 കെട്ടിടങ്ങൾക്ക് വ്യാപാര വ്യവസായ ആവശ്യങ്ങൾക്കായി നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും 204 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളുത്. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 2-28-06-2024 മറുപടി ലഭ്യമാക്കിയിട്ടില്ല.
ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനായി വാർഡ് തല പരിശോധന നടത്തി ആയത് കണ്ടെത്തി നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

**1-13-1 പെർമിറ്റ് അനുവദിക്കുന്നതിൽ സമയ പരിധി പാലിക്കുന്നില്ല**

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ 2021 (SRO No. 482/2021) പ്രകാരം സൈറ്റ് പ്ലാൻ അംഗീകാരത്തിനുള്ള അപേക്ഷ ലഭ്യമായതിനു ശേഷം ആയത് അംഗീകരിച്ചതിന്റെയോ നിരസിച്ചതിന്റേയോ വിവരം അപേക്ഷകനെ അറിയിക്കേണ്ട കാലയളവ് 30 ദിവസത്തിൽ നിന്നും 15 ദിവസമായി കുറച്ചിട്ടുണ്ട്. (ചട്ടം 12). അപേക്ഷകൾ ILGMS, സങ്കേതം എന്നിവ പരിശോധിച്ചതിൽ ഏതാനും പെർമിറ്റ് അനുവദിച്ചതിൽ സമയ പരിധി പാലിക്കപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തി. ഏതാനും

ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു

| ഫയൽ നമ്പർ/ തീയതി | അപേക്ഷകന്റെ പേര്/വിലാസം | എൽ.എസ് ജി.ഡി ക്ക് കൈമാറിയത് | എൽ.എസ് ജി.ഡി യിൽ നിന്നും തിരികെ ലഭിച്ചത് | അധിക വിവരങ്ങൾ അവശ്യപ്പെട്ട് അറിയിപ്പു നല്കിയത് | ന്യൂനത പരിഹരിച്ച് പുനർസമർപ്പിച്ചത് | പെർമിറ്റ് നമ്പർ/ തീയതി |
|---|---|---|---|---|---|---|
| എ1/186/23 തീ 09.01.23 | ദിനേഷ് കുമാർ, കുന്നനത്ത് വീട് കോൽപ്പാടം തെങ്കര (പാർപ്പിടാവശ്യം) | 19-01-2023 | 23-02-23 | 16-03-23 | 1-4-2023 | A1-BA (139949)/2023 തീ 18/04/2023 |
| എ1/391/23 തീ 18.01.23 | രാജു വി.പി & ഗീത വെള്ളാട്ടു പട ഹൗസ് തെങ്കര (പാർപ്പിടാവശ്യം) | 18-1-2023 | 19-1-23 | 23-2-23 | 15-3-23 | A1-BA (152030)/2023 തീ 29/04/2023 |
| എ1/4977/23 തീ 29-09-23 | ഗോപാലകൃഷ്ണ പിള്ള കാക്കനാട് ഹൗസ് മുണ്ടക്കണ്ണി (പാർപ്പിടാവശ്യം) | 4-10-23 | 14-1023 | 6-1-24 | 10-1-24 | A1-BA (23414)/2024 തീ 19/01/2024 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 7-2/7/2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് അനുവദിക്കുവാൻ ചട്ടപ്രകാരമുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-13-2 പെർമിറ്റ് രജിസ്റ്റർ കാലികമാക്കി വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല**

ഈ സാമ്പത്തിക വർഷത്തിൽ പെർമിറ്റ് രജിസ്ററിൽ ജൂൺ 2023 വരെ മാത്രമാണ് രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത്. തുടർന്നുള്ള രേഖപ്പെടുത്തലുകൾ നടത്തുകയോ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. പെർമിറ്റ് ഫീസിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാനായില്ല.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 7-2/7/24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല
മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-13-3 റഗുലറൈസ്ഡ് ബിൽഡിംഗ് രജിസ്റ്റർ**

റഗുലറൈസ്ഡ് ബിൽഡിംഗ് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഈ ഇനത്തിലുള്ള ഫീസിന്റെ വരവിന്റെ കൃത്യത പരിശോധിക്കാനായില്ല. (ഓഡിറ്റ് അന്വേഷണം 7-2/7/24) മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-13 കെട്ടിട നിർമ്മാണ പെർമിറ്റ് - രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ**

കെ.പി.ബി.ആർ പ്രകാരമുള്ള രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

**1-14 പൊതു ടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക നിലനിൽക്കുന്നത് ഗ്രാമപഞ്ചായത്തിന് ബാധ്യതയാകുന്നു**

പൊതുടാപ്പുകൾ സംബന്ധിച്ച ഫയൽ, ആയതുമായി ബന്ധപ്പെട്ട തനതുഫണ്ട് വൗച്ചറുകൾ എന്നിവ പരിശോധിച്ചതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലുമായി ആകെയുള്ള പൊതു ടാപ്പുകളുടെ എണ്ണം

നാളിതുവരെ നിജപ്പെടുത്തിയിട്ടില്ല. എണ്ണം കണ്ടെത്താൻ സാധ്യമായിട്ടില്ലാത്തതിനാൽ പൊതു ടാപ്പുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2023-24 വർഷം ആകെ 1307889 രൂപ അടവാക്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ ബിൽ നം 73163 തീയതി 10.04.23 പ്രകാരം 4/23 ലെ ഡിമാന്റ് തുക 648759 ആണ്. പ്രതിമാസ ഡിമാന്റ് തുക 118899 രൂപയാണ്.

05.02.24 ലെ ബിൽ നം 81936 പ്രകാരം 29.02.24 ലെ ഡിമാന്റ് തുക 915851 രൂപയാണ്. ( Closing Balance As On 31.01.24 – 779333 , Fine – 17619, Demand For The Month – 118899).

7.04.23 ലെ 5/1 നം തീരുമാനം പ്രകാരം 2018, 2019, 2021, 2022 വർഷങ്ങളിലെ കുടിശ്ശിക 529660 രൂപ അടവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും തുക അടവാക്കിയിട്ടില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 4/29.06.24) പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് ജല അതോറിറ്റിക്കു 2 തവണ കത്തു നൽകിയെങ്കിലും അനുകൂല നടപടികൾ ഉണ്ടായില്ല എന്നും 23.06.23 ലെ എ3-1793/2023 നമ്പർ കത്തു പ്രകാരം സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തുന്നതിന് ആവശ്യപ്പെട്ടതിന് 03.07.24 ന് സംയുക്ത പരിശോധന നടത്തുന്നതാണെന്ന് അറിയിച്ചതായും പരിശോധന പൂർത്തിയാകുന്ന മുറക്ക് പൊതു ടാപ്പുകളുടെ എണ്ണം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണ് എന്നും ഫണ്ടിന്റെ ലഭ്യതക്കുറവു കാരണം കുടിശ്ശിക 529660 രൂപ അടവാക്കിയില്ല എന്നും ഓരോ മാസവും ഭീമമായ തുക വെള്ളക്കരം ഇനത്തിൽ കുടിശ്ശിക വന്നതിനാൽ സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിലുള്ള പൊതു ടാപ്പുകളുടെ എണ്ണം കണക്കാക്കിയതിനു ശേഷം മാത്രമേ തുക ഒടുക്കു വരുത്തൂ എന്നതിനാലാണ് മുൻകാലങ്ങളിൽ തുക കുടിശ്ശികയായി വന്നിട്ടുള്ളത് എന്നും തുക അടവാക്കി വിവരം അറിയിക്കുന്നതാണ് എന്നും അധികൃതർ മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ - മീറ്ററിങ്ങ് സംവിധാനത്തിലേക്കു മാറിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ). തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

വാർഷിക ധനകാര്യ പത്രിക പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ആകെ 1894558.00 രൂപ അടവാക്കിയിട്ടുണ്ട്. ആയതിൽ 1429636 രൂപ മണ്ണാർക്കാട് ഇലക്ട്രിക്കൽ സെക്ഷനിൽ ( Consumer Number – 1165207021975) മീറ്ററിങ്ങ് സമ്പ്രദായം ഏർപ്പെടുത്താത്ത തെരുവു വിളക്കുകൾക്കായി അടവാക്കിയിട്ടുണ്ട്.

ബി).തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനം സാധന സാമഗ്രികൾ വാങ്ങുവാനും, അറ്റകുറ്റപണികൾക്കുമായി തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| നം | പ്രോജക്ട് നം | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 216, തെരുവ് വിളക്കു സ്ഥാപിക്കൽ (സ്പിൽ ഓവർ) | 342975 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 2 | 222, വിവിധ വർഡുകളിലെ ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപ്പണികൾ | 49600 | വികസനഫണ്ട് - ജനറൽ - |

| | | | |
|---|---|---|---|
| | (സ്പിൽ ഓവർ) | | |
| 3 | 224, തെരുവുവിളക്കു വാർഷിക അറ്റകുറ്റപ്പണി (സ്പിൽ ഓവർ) | 537513 | വികസനഫണ്ട് - ജനറൽ |
| 4 | 215, തെരുവുവിളക്കു വാർഷിക അറ്റകുറ്റപ്പണി (സ്പിൽ ഓവർ) | 280000 | വികസനഫണ്ട് - ജനറൽ |

തെരുവു വിളക്കു പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകത കണ്ടെത്തി

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012/ത.സ്വ.ഭ.വ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയതായോ സംയുക്ത പരിശോധന നടത്തി വൈദ്യുതി ചാർജ്ജ് പുനർനിർണ്ണയിച്ചതായോ പരിശോധനയിൽ കാണുന്നില്ല.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെ മുഴുവൻ പ്രദേശത്തും സ്ട്രീറ്റ് മെയിൻ സ്ഥാപിച്ചിട്ടില്ല.സ്ട്രീറ്റ് മെയിൻ സ്ഥാപിക്കാതെ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ സാധിക്കുകയില്ല. പഞ്ചായത്ത് പ്രദേശത്തു മുഴുവൻ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് ഒരു സാമ്പത്തിക വർഷം തന്നെ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. 2019-20 വർഷം മുതൽ 2024 -25 വരെ ആകെ 1752025 രൂപ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് വകയിരുത്തി പ്രവർത്തനം നടത്തി വരുന്നു. ആയത് പൂർത്തീകരിച്ചു കഴിഞ്ഞാൽ ഉടനെ മീറ്ററിംഗ് സംവിധാനം നടപ്പിലാക്കി വിവരം അറിയിക്കുന്നതാണെന്ന് മീറ്ററിംഗ് നടത്തി വൈദ്യുത ചാർജ്ജ് കുറവാക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-16/04.07.24) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2023-24 വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ട് നമ്പറായ 799011400000486 ൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|---|
| 1 | 311, ചിറപ്പാടം മോഡേൺ അംഗൻവാടി നിർമ്മാണം | 2300000 | 300000 | 32/14.07.23 | 300000 |
| 2 | 313, പുഞ്ചക്കോട് സ്മാർട്ട് അംഗൻവാടി നിർമ്മാണം | 1800000 | 300000 | 31/14.07.23 | 300000 |
| 3 | 314, തത്തേങ്ങലം സ്മാർട്ട് | 1800000 | 300000 | 33/14.07.23 | 300000 |

| | | | | | |
|---|---|---|---|---|---|
| | അംഗൻവാടി നിർമ്മാണം | | | | |
| 4 | 316, കാളക്കാട് സ്മാർട്ട് അംഗൻവാടി നിർമ്മാണം | 1800000 | 300000 | 34/14.07.23 | 300000 |

പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം - 19/04.07.24)

**1-17 സ്മാർട്ട് ഗാർബേജ് ആപ്പ് പദ്ധതി - പ്രവർത്തനങ്ങൾ തുടർ നിരീക്ഷിക്കേണ്ടതാണ്.**

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെയും ഹരിതകേരളം മിഷന്റെയും മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തിവരുന്ന ശുചിത്വ മാലിന്യസംസ്ക്കരണ പ്രവർത്തനങ്ങളുടെ തദ്ദേശ സ്ഥാപനതലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് പദ്ധതി 2023 – 24 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം./ പേര് | 225, സ്മാർട്ട് ഗാർബേജ് ആപ്പ് ( സ്പിൽ ഓവർ) |
| അടങ്കൽ | 204900 (വികസന ഫണ്ട് - ജനറൽ- 151250 + തനതുഫണ്ട്- 53650) |
| ചെലവ് | 204900 ( വികസന ഫണ്ട് -151250 +തനതുഫണ്ട്- 53650) |
| ബിൽ സാങ്ഷൻ ഓർഡർ നമ്പർ / തീയതി | 55/04.08.23 – 142900<br>88/11.08.23 – 53650<br>57/04.08.23 - 8350 |

ഫയൽ പരിശോധിച്ചതിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 20.07.2023ലെ എ1- 225/23നമ്പർ കത്ത് പ്രകാരം കെൽട്രോണിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

സർവ്വീസ് ചാർജ് ഇനത്തിൽ 135700 രൂപയും എസ്.എം.എസ് തുക ഇനത്തിൽ 7200 രൂപയും ക്യൂ. ആർ കോഡ് തുകയായ 12000 ( 13000 എണ്ണം) രൂപയും ലാപ്പ്ടോപ്പിന്റെ തുകയായ 50000രൂപയും ഉൾപ്പെടെ 204900 രൂപയുടെ പ്രോജക്ട് നടപ്പിലാക്കുന്നതിനായാണ് കെൽട്രോണിന് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്. മേൽ പരാമർശിച്ച ബില്ലുകൾ പ്രകാരം തുക കെൽട്രോണിന്റെ അക്കൗണ്ട് നമ്പറിലേക്ക് (നം - 3301002100016241) കൈമാറിയിട്ടുണ്ട്.

തുടർന്ന് കെൽട്രോണും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ശുചിത്വമിഷനും തമ്മിൽ ത്രികക്ഷി കരാർ ചമച്ചിട്ടുണ്ട്.

ലാപ്ടോപ്പ് കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുണ്ട്. പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾക്കും താമസയോഗ്യമല്ലാത്തതും പൊളിച്ചു നീക്കം ചെയ്യുന്നതിന് ഉടമസ്ഥർ അപേക്ഷ തരാത്തതുമായ കെട്ടിടങ്ങൾക്കും ഒഴികെ എല്ലാ കെട്ടിടങ്ങൾക്കും ക്യൂ. ആർ കോഡ് പതിച്ചിട്ടുണ്ട്. ആയത് 99% പൂർത്തീകരിച്ചിട്ടുണ്ട്. 2024 ഫെബ്രുവരി മുതൽ ക്യൂ. ആർ കോഡ് വഴിയാണ് യൂസർഫീ ശേഖരിച്ചു വരുന്നത്. ജനുവരി മാസത്തിൽ 137835 രൂപ യൂസർഫീ ലഭിച്ചിരുന്ന സ്ഥാനത്ത് ക്യൂ. ആർ കോഡ് മുഖേന ആയപ്പോൾ ഫെബ്രുവരിയിൽ 218460 രൂപയും ഏപ്രിൽ മാസത്തിൽ 289005 രൂപയും മെയ് മാസത്തിൽ 324600 രൂപയും ആണ് യൂസർഫീ ലഭ്യമായിട്ടുള്ളത് . ( ഓഡിറ്റ് അന്വേഷണം -നം - 08 /03.07.24)

സ്മാർട്ട് ഗാർബേജ് സിസ്റ്റത്തിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

**<u>1-18 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല</u>**

അഡ്വാൻസ് രജിസ്റ്റർ, വാർഷികകണക്കിലെ B-18 ഷെഡ്യൂൾ എന്നിവ പ്രകാരം Festival Advance, Tour Traveling Allowance Advance, Advance To Implementing Agencies - Deposit With Kerala Water Authority, Advance To Other Authorised Agencies, Advance To Mahatma Gandhi NREGA/AUEGS Administrative Expense, Advance To Others, Other Advances എന്നീ ഹെഡുകളിൽ തനതുഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുകകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ലാത്തതായി കാണുന്നു.

| ഹെഡുകൾ | അഡ്വാൻസ് രജിസ്റ്റർ പ്രകാരം മുൻബാക്കി | തൻവർഷം നൽകിയ തുക | ക്രമീകരിച്ച തുക | ക്രമീകരിക്കുവാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|
| Festival Advance | 3000 | 140000 | 128000 | 15,000 |
| Tour Traveling Allowance Advance | - | 5,000<br>(Muhammad Unais – 2500<br>Rajimol - | - | 5000 |

| | | | | |
|---|---|---|---|---|
| | | 2500) | | |
| Advance To Implementing Agencies - Deposit With Kerala Water Authority | 149000 | - | - | 149000 |
| Advance To Other Authorised Agencies | 370000 | - | 301938 | 68062 |
| Advance To Mahatma Gandhi NREGA/ AUEGS Administrative Expense | 2063670 | 1783954. | 805016 | 3,042,608. |
| Advance To Others | - | 53000 | - | 53000 |
| Other Advances | 25589 | - | 25550 | 39 |

മുൻകൂറുകൾ നാളിതുവരെയും ക്രമീകരിക്കാത്തതിന്റെ കാരണം അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം – 19/04.07.24) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1). ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലുള്ള തുക 2024 -25 ൽ തിരികെ ലഭ്യമായിട്ടുള്ളതും 2024 -25 ൽ മുൻകൂർ ക്രമീകരിക്കുന്നതുമാണ് വര്ഷങ്ങളായി തുടർന്നു വരുന്ന 3000 രൂപയുടെ ഉറവിടം കണ്ടെത്തി ആയത് ക്രമീകരിക്കുന്നതുമാണ്.

2). ജനപ്രതിനിധികൾക്ക് ടൂർ ട്രാവല്ലിംഗ് ഇനത്തിൽ മുൻകൂറായി അനുവദിച്ച തുക 5000 രൂപ യഥാർത്ഥ യാത്രാബത്തക്ക് അനുസൃതമായി ക്രമീകരിക്കുന്നതുമാണ്.

3). ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് തുക ക്രമീകരിക്കുന്നതാണ്.

4). Advance To Other Authorised Agencies എന്ന ഇനത്തിലുള്ള തുക 2024 -25 വർഷം ക്രമീകരിക്കുന്നതാണ്.

5). തുക NREGS ൽ നിന്നും ലഭ്യമാകുന്ന മുറക്ക് ഈ ഇനത്തിൽ അനുവദിച്ച തുക ക്രമീകരിക്കുന്നതാണ്

6).Advance To Others എന്ന ശീർഷകത്തിൽ അനുവദിച്ച തുക തന്നാണ്ടിലെ വാർഷിക പദ്ധതികൾക്ക് അനുവദിച്ചതാണ്. സാമ്പത്തിക വർഷാവസാനം മെയിന്റനൻസ് ഗ്രാന്റ് വിഹിതം അപര്യാപ്തമായതിനാലാണ് തനതു ഫണ്ടിൽ നിന്നും ഇപ്രകാരം മുൻകൂർ അനുവദിച്ചത്. 2024 -25 വർഷത്തെ പദ്ധതികളിൽ നിന്നും മുന്കൂർ തുക ക്രമീകരിക്കുന്നതണ്.

7). Other Advances എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന തുകയുടെ ഉറവിടം കണ്ടെത്തി തുക അടവാക്കി മുൻകൂർ ക്രമീകരിക്കുന്നതാണ്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-19 ലൈഫ് ഭവനനിർമ്മാണം- ഗുണഭോക്താവിന് അധികമായി തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 139/24 (ലൈഫ് ഭവനപദ്ധതി-ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 56000000/- (5756400-വികസനഫണ്ട് (Gen), സംസ്ഥാനാവിഷ്കൃത ഫണ്ട് -20000000, ബ്ലോക്ക് വിഹിതം-5243600 ജില്ലാപഞ്ചായത്ത് വിഹിതം-5000000 മറ്റുള്ളവ-20000000) |

| | |
|---|---|
| ചെലവ് | 8186000 (4618000-വികസനഫണ്ട് (Gen), ബ്ലോക്ക് വിഹിതം-3568000) |
| ബിൽ നം/ തിയതി | 12/19.06.2023, 360000<br>143/08.11.2023, 1000000<br>22/07.07.2023, 1040000<br>122/03.10.2023, 768000<br>105/07.09.2023, 760000<br>210/25.01.2024, 2440000<br>215/27.01.2024, 1818000 |

തെങ്കര ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ട ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് 400000 രൂപ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ലൈഫ് രജിസ്റ്റർ, ചെലവുരേഖകൾ എന്നിവ പരിശോധിച്ചതിൽ, താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയിൽ കൂടുതൽ തുക അനുവദിച്ചതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സുനിത, W/O.ഉണ്ണികൃഷ്ണൻ, പള്ളിക്കുന്നിൽ വീട്, കോൽപ്പാടം, തെങ്കര (വാർഡ്-6) എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയ്ക്ക് പകരം 440000 രൂപ (A/C No.363701000004493, IOBA0003637)അനുവദിച്ചിട്ടുണ്ട്. (ആധാർ നം.671185110813)

അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബിൽ നം. തീയതി | തുക |
|---|---|---|
| സംസ്ഥാന വിഹിതം | Cheque No.703084, 14.11.2022 | 100000 |
| ബ്ലോക്ക് വിഹിതം | UTR No. RBI0802362629547 18.03.2023 | 160000 |
| ബ്ലോക്ക് വിഹിതം | 6/07.09.2023, 760000 | 100000 |
| വികസനഫണ്ട് (Gen) | 11/25.01.2024, 2440000 | 40000 |
| വികസനഫണ്ട് (Gen) | 14/29.01.2024, 1818000 | 40000 |
| ആകെ | | 440000 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന് ജനറൽ വിഭാഗക്കാർക്ക് നൽകാവുന്ന പരമാവധി തുക 4 ലക്ഷം രൂപയാണ്. 40000 രൂപ ഗുണഭോക്താവിന് അധികം നൽകിയിട്ടുണ്ട്.

2) സുധീഷ്, S/O.സുന്ദരൻ, ഉറവിൽ, ചേറുംകുളം, തെങ്കര (വാർഡ്-7) എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയ്ക്ക് പകരം 460000 രൂപ (A/C No.20422516981,) അനുവദിച്ചിട്ടുണ്ട്. (ആധാർ നം.652494274676)

അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബിൽ നം/UTR നം. തീയതി | തുക |
|---|---|---|
| വികസനഫണ്ട് (SCP) | RBI0812268852955/19.03.2022 | 40000 |
| വികസനഫണ്ട് (SCP) | RBI1612293657985, 08.06.2022 | 100000 |
| സംസ്ഥാന വിഹിതം | Cheque No.705020, 15.07.22 | 100000 |
| വികസനഫണ്ട് | RBI2602242499498, 05.09.22 | 60000 |
| വികസനഫണ്ട് | RBI3372276941165, 2-12-22 | 60000 |
| ജില്ലാ പഞ്ചായത്ത് | 2/22.06.2023 | 60000 |

| | | |
|---|---|---|
| വിഹിതം | | |
| വികസനഫണ്ട് | 14/27.01.2024 | 40000 |
| ആകെ | | 460000 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന് ജനറൽ വിഭാഗക്കാർക്ക് നൽകാവുന്ന പരമാവധി തുക 4 ലക്ഷം രൂപയാണ്. 60000 രൂപ ഗുണഭോക്താവിന് അധികം നൽകിയിട്ടുണ്ട്.

3) ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കൾ അനുവദിക്കുമ്പോൾ കൃത്യമായി ലൈഫ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്താതിനാൽ മറ്റു ഗുണഭോക്താക്കൾക്ക് അധികമായി തുക അനുവദിച്ചത് സംബന്ധിച്ച് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25 & 28, 05.07.2024) മറുപടി ലഭിച്ചിട്ടില്ല.
ലൈഫ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
അധികമായി അനുവദിച്ച 100000 രൂപ (40000+60000) നിരാകരിക്കുന്നു.
(ഭാഗം 3-1 കാണുക)

**1-20 പി.എം.എ.വൈ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.**

തെങ്കര ഗ്രാമപഞ്ചായത്തിലെ പി.എം.എ.വൈ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിനു കൈമാറുക എന്നതാണ് പദ്ധതി. പി.എം.എ.വൈ ഭവനനിർമ്മാണത്തിനുള്ള വിഹിതം നൽകുന്നതിനായി രണ്ടു പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| |
|---|
| 1) പ്രോജക്ടിന്റെ പേര് - 162/24<br>(പി.എം.എ.വൈ വിഹിതം നൽകൽ (ജനറൽ))<br>അടങ്കൽ- 980000 (വികസനഫണ്ട്-ജനറൽ)<br>ചെലവ്- 715000<br>ബിൽ നം- 216/27.01.2024, 70000<br>96/21.08.2023, 420000<br>97/21.08.2023, 225000 |
| 2) പ്രോജക്ടിന്റെ പേര് - 164/24<br>(പി.എം.എ.വൈ വിഹിതം നൽകൽ (SCP))<br>അടങ്കൽ- 430000 (വികസനഫണ്ട്-SCP)<br>ചെലവ്- 405000<br>ബിൽ നം- 98/21.08.2023, 405000 |

മേൽസൂചിപ്പിച്ച തുകകൾ ചെലവു ചെയ്തതിനുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുകയോ ഓഡിറ്റ് അന്വേഷണത്തിന് (നം.13/04.07.2024) മറുപടി നൽകുകയോ ചെയ്തിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-21 അങ്കണവാടി പോഷകാഹാരം- അധിക തുക നൽകി**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി 3 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| |
|---|
| പ്രോജക്ട് നം-68/24(അങ്കണവാടി പോഷകാഹാരം-ജനറൽ)<br>അടങ്കൽ- 2800000 (1800000-വികസനഫണ്ട് (ജനറൽ) 1000000- കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെലവ്- 2767194 (1780665-വികസനഫണ്ട് (ജനറൽ) 986529- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| പ്രോജക്ട് നം-71/24 (അങ്കണവാടി പോഷകാഹാരം-SCP)<br>അടങ്കൽ- 900000 (800000-വികസനഫണ്ട് (SCP) 100000- കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെലവ്- 653200 (554225-വികസനഫണ്ട് (SCP) 98975- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| പ്രോജക്ട് നം-77/24 (അങ്കണവാടി പോഷകാഹാരം-TSP) |

| |
|---|
| അടങ്കൽ- 300000 (200000-വികസനഫണ്ട് (TSP) 100000- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ്- 269242 (200000-വികസനഫണ്ട് (TSP) 69242- കേന്ദ്രാവിഷ്കൃത ഫണ്ട്) |

അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതിനുള്ള തുക അനുവദിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തെങ്കര മാവേലി സ്റ്റോറിൽ നിന്നും വാങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ ഒരേ ബില്ലിനു തന്നെ 2022-23, 2023-24 എന്നീ വർഷങ്ങളിൽ തുക അനുവദിച്ചിട്ടുണ്ട്. (A/C No. 14090200003338) അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇഷ്യു നം/ തീയതി, തുക | 2022-23 വർഷം അനുവദിച്ച തുക | ബിൽ നം/ തീയതി, തുക | 2023-24 വർഷം അനുവദിച്ച തുക | ബിൽ നം/ തീയതി, തുക |
|---|---|---|---|---|
| 0905113/22203, 19.10.2022, **86763** | 86763 | 221/17.03.2023, 599707 (Pro.50/23) Cheque No. 000004/ 24.03.2023, | 86763 | 2/11.07.2023, 605107 (Project.68/24) General Fund |
| 0905113/22229, 30.11.2022, **7920** | 7920 | | 7920 | |
| 0905113/22226, 21.11.2022, **158628** | 158628 | | 158628 | |
| ആകെ | 253311 | | 253311 | |

ആകെ 253311 രൂപ അധികമായി നൽകിയിട്ടുണ്ട്.

2) തെങ്കര മാവേലി സ്റ്റോറിൽ നിന്നും ഇഷ്യു നം.0905113/23120, തീയതി.11.11.2023 പ്രകാരം 100263 രൂപയ്ക്ക് ഭക്ഷ്യ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നം.68/24, ബിൽ നം.14/23-24 , തീയതി. 16.12.2023 തുക.198067 പ്രകാരം 45930 രൂപയും പ്രോജക്ട് നം.77/24, UTR നം.N088242956174205 , തീയതി.28.03.2024 (വൗച്ചർ നം -22301188 /28.3.24)തുക.69242 പ്രകാരം 69242 രൂപയും ഉൾപ്പെടെ 115172 രൂപ അനുവദിച്ചിട്ടുണ്ട്. 100263 രൂപയ്ക്ക് പകരം 115172 രൂപ നൽകിയതിലൂടെ 14909 രൂപ അധികം നൽകി.

3) പ്രോജക്ട് നം.68/24 ഭാഗമായി ഭക്ഷ്യസാധനങ്ങൾ ഇറക്കിയ വകയിൽ ചെക്ക് നം.000006/27.03.2024, പ്രകാരം 218115 രൂപ നക്ഷത്ര കുടുംബശ്രീ യൂണിറ്റ്, വിയ്യകുറിശ്ശി, നൊട്ടമല എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് (നം.37223648558 ) നൽകിയിട്ടുണ്ട്. ലഭ്യമായ സാധനങ്ങളും ഇൻവോയ്സുകളും പരിശോധിച്ചതിൽ, 216091 രൂപയാണ് സ്ഥാപനത്തിന് നൽകാനുള്ളത്. 2024 രൂപ അധികമായി നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/04.07.2024) മറുപടി നൽകിയിട്ടില്ല.

അധികമായി നൽകിയ 270244 (253311+14909+2024) രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

(ഭാഗം 3-2 കാണുക).

### 1-22 അനുപൂരക പോഷകാഹാര പദ്ധതി - ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

| |
|---|
| പ്രോജക്ട് നം-68/24(അങ്കണവാടി പോഷകാഹാരം-ജനറൽ) |
| അടങ്കൽ- 2800000 (1800000-വികസനഫണ്ട് (ജനറൽ) 1000000-കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ്- 2767194 (1780665-വികസനഫണ്ട് (ജനറൽ) 986529-കേന്ദ്രാവിഷ്കൃത ഫണ്ട്) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ട് രേഖകൾ പരിശോധിച്ചതിൽ, ബിൽ നം.2/11.07.2023, തുക.605107 പ്രകാരം 584998 രൂപ തെങ്കര മാവേലി സ്റ്റോറിന് അങ്കണവാടികൾക്ക് ഭക്ഷ്യ

സാധനങ്ങൾ നൽകിയതിനുള്ള വിലയായും 20109 രൂപ അങ്കണവാടികളിലെ മറ്റു ചെലവുകൾക്കുമായി അനുവദിച്ചിട്ടുണ്ട്. 584998 രൂപയിൽ ഉൾപ്പെട്ട, ഇഷ്യു നം.0905113/2314, തീയതി.27.04.2023 പ്രകാരമുള്ള 127978 രൂപയുടെ ഭക്ഷ്യസാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. അവ അങ്കണവാടികൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/05.07.2024) മറുപടി ലഭിച്ചിട്ടില്ല.

127978 രൂപയുടെ ഭക്ഷ്യസാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും അവ അങ്കണവാടികൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 127978 രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 വാഹനം വാടകയ്ക്ക് എടുക്കൽ -ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ-ഐ.സി.ഡി.എസ് സൂപ്പർവൈസർ

| |
|---|
| പ്രോജക്ട് നം-68/24(അങ്കണവാടി പോഷകാഹാരം-ജനറൽ)<br>അടങ്കൽ- 2800000 (1800000-വികസനഫണ്ട് (ജനറൽ) 1000000- കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെലവ്- 2767194 (1780665-വികസനഫണ്ട് (ജനറൽ) 986529- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| പ്രോജക്ട് നം-71/24 (അങ്കണവാടി പോഷകാഹാരം-SCP)<br>അടങ്കൽ- 900000 (800000-വികസനഫണ്ട് (SCP) 100000-കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെലവ്- 653200 (554225-വികസനഫണ്ട് (SCP) 98975-കേന്ദ്രാവിഷ്കൃത ഫണ്ട്) |
| പ്രോജക്ട് നം-77/24 (അങ്കണവാടി പോഷകാഹാരം-TSP)<br>അടങ്കൽ- 300000 (200000-വികസനഫണ്ട് (TSP) 100000-കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെലവ്- 269242 (200000-വികസനഫണ്ട് (TSP) 69242-കേന്ദ്രാവിഷ്കൃത ഫണ്ട്) |

അങ്കണവാടി പോഷകാഹാര പദ്ധതിയുടെ ഭാഗമായി തെങ്കര ഗ്രാമപഞ്ചായത്തിനു കീഴിലുള്ള വിവിധ അങ്കണവാടികളിലേയ്ക്ക് ഭക്ഷ്യ സാധനങ്ങൾ ഇറക്കുന്നതിനായി രമേഷ്.ആർ.ടി, താടിക്കാൻ, പൂഞ്ചോല, പാങ്ങോട് എന്ന വ്യക്തിയുടെ വാഹനം വാടകയ്ക്ക് എടുക്കുകയും കിലോഗ്രാമിന് 1.70 രൂപ എന്ന നിരക്കിൽ വാടക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വാഹന വാടകയിനത്തിൽ 83963 രൂപ (17849+19321+17497+18450+10846) തൻവർഷം നൽകിയിട്ടുണ്ട്.

സ്റ്റോർ പർച്ചേസ് മാനദണ്ഡ പ്രകാരമുള്ള ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെയാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്.

ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ വാഹനം വാടകയ്ക്ക് എടുത്തതിനുള്ള കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/04.07.2024) മറുപടി നൽകിയിട്ടില്ല.

സ്റ്റോർ പർച്ചേസ് മാനദണ്ഡ പ്രകാരം ക്വട്ടേഷൻ നടപടികളിലൂടെ വാഹനം വാടകയ്ക്ക് എടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 നാപ്കിൻ വെൻഡിങ്ങ് മെഷീനും ഇൻസിനേറ്റർ സ്ഥാപിക്കൽ- പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നാപ്കിൻ വെൻഡിങ്ങ് മെഷീനും ഇൻസിനേറ്ററും സ്ഥാപിക്കുന്നതിനായി തൻവർഷം 3 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| |
|---|
| 1) പ്രോജക്ട് നം - 117/24 (തെങ്കര ഗവ ഹൈസ്കൂളിൽ നാപ്കിൻ വെൻഡിങ്ങ് മെഷീനും ഇൻസിനേറ്റർ സ്ഥാപിക്കൽ)<br>അടങ്കൽ - 80000 (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)<br>ചെലവ് - 55539<br>ബിൽ നം-309/24.03.2024, ₹.55539 |
| 2) പ്രോജക്ട് നം - 112/24 (തെങ്കര ഗവ യുപി സ്കൂളിൽ നാപ്കിൻ വെൻഡിങ്ങ് മെഷീനും ഇൻസിനേറ്റർ സ്ഥാപിക്കൽ) |

| |
|---|
| അടങ്കൽ - 80000 (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)<br>ചെലവ് - 59989<br>ബിൽ നം- 392/28.03.2024, ₹.59989 |
| 3) പ്രോജക്ട് നം - 111/24 (ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഇൻസിനേറ്റർ സ്ഥാപിക്കൽ)<br>അടങ്കൽ - 44500 (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)<br>ചെലവ് - 40500<br>ബിൽ നം- 391/28.03.2024, ₹.40050 |

മൂന്ന് പ്രോജക്ടുകൾക്കുമായി മൂന്ന് ഇൻസിനേറ്റർ 51859 രൂപ നിരക്കിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. മൂന്ന് ഇൻസിനേറ്റർക്കുള്ള വിലയായ 155577 രൂപ സ്ഥാപനത്തിന്റെ 57028693875 എന്ന അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. 2 എണ്ണം സ്ക്കൂളുകൾക്കും 1 എണ്ണം ഗ്രാമപഞ്ചായത്തിനുമാണ് നൽകിയിട്ടുള്ളത്.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(കൈ)നം.115/2022/LSGD, തീയതി.28.05.2022, സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.4.6 പ്രകാരം നാപ്കിൻ വെന്റിങ്ങ് മെഷീനുകളും നാപ്കിൻ ബേണിങ്ങ് മെഷീനും സ്ക്കൂളുകളിൽ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കുമാണ് എറ്റെടുക്കാവുന്നത്.

ജില്ലാ പഞ്ചായത്ത്/ നഗരഭരണ സ്ഥാപനങ്ങൾ എറ്റെടുത്ത് നടപ്പാക്കേണ്ട പ്രോജക്ട് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിരിക്കുന്നു.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/04.07.2024) മറുപടി നൽകിയിട്ടില്ല.
സബ്സിഡി മാർഗ്ഗരേഖ പാലിച്ചു കൊണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടപ്പാക്കാവുന്ന പ്രോജക്ടുകൾ മാത്രം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ജില്ലാ പഞ്ചായത്തിൽ നിന്നും സമാന പദ്ധതിയ്ക്കായി തെങ്കര ഗവ യുപി, ഹൈസ്ക്കൂളുകൾക്ക് നാപ്കിൻ വെൻഡിങ്ങ് മെഷീനും ഇൻസിനേറ്ററും ലഭ്യമായില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

**1-25 അങ്കണവാടി പോഷകാഹാരം -വാഹനം വാടക നൽകൽ രേഖകൾ ഹാജരാക്കേണ്ടതാണ്**

നിർവ്വഹണ ഉദ്യോഗസ്ഥ-ഐ.സി.ഡി.എസ് സൂപ്പർവൈസർ

| |
|---|
| പ്രോജക്ട് നം-68/24(അങ്കണവാടി പോഷകാഹാരം-ജനറൽ)<br>അടങ്കൽ- 2800000 (1800000-വികസനഫണ്ട് (ജനറൽ) 1000000- കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെലവ്- 2767194 (1780665-വികസനഫണ്ട് (ജനറൽ) 986529- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| പ്രോജക്ട് നം-71/24 (അങ്കണവാടി പോഷകാഹാരം-SCP)<br>അടങ്കൽ- 900000 (800000-വികസനഫണ്ട് (SCP) 100000- കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെലവ്- 653200 (554225-വികസനഫണ്ട് (SCP) 98975- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| പ്രോജക്ട് നം-77/24 (അങ്കണവാടി പോഷകാഹാരം-TSP)<br>അടങ്കൽ- 300000 (200000-വികസനഫണ്ട് (TSP) 100000- കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെലവ്- 269242 (200000-വികസനഫണ്ട് (TSP) 69242- കേന്ദ്രാവിഷ്കൃത ഫണ്ട്) |

അങ്കണവാടി പോഷകാഹാര പദ്ധതിയുടെ ഭാഗമായി തെങ്കര ഗ്രാമപഞ്ചായത്തിനു കീഴിലുള്ള വിവിധ അങ്കണവാടികളിലേയ്ക്ക് ഭക്ഷ്യ സാധനങ്ങൾ ഇറക്കുന്നതിനായി രമേഷ്.ആർ.ടി, താടിക്കാൻ, പൂഞ്ചോല, പാങ്ങോട് എന്ന വ്യക്തിയുടെ വാഹനം വാടകയ്ക്ക് എടുക്കുകയും കിലോഗ്രാമിന് 1.70 രൂപ എന്ന നിരക്കിൽ വാടക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. (A/C No.402802010010162, IFSC Code-UBIN0540285)

വാഹന വാടക അനുവദിച്ച ഫയൽ പരിശോധിച്ചതിൽ, വാഹന വാടക നൽകിയത് ഏത് മാസത്തിലെയെന്നും എത്ര കിലോഗ്രാമിനാണെന്നും വ്യക്തമല്ല. ട്രാൻസ്പോർട്ടേഷൻ നടത്തിയ

സാധനങ്ങളുടെ കൃത്യമായ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കൃത്യമായ രേഖകൾ ഇല്ലാതെ വാഹനവാടക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം/ തീയതി, തുക | അനുവദിച്ച വാഹന വാടക |
|---|---|
| 1/11.07.2023, 554225 | 2381 |
| 12/18.12.2023, 69138 | 17497 |
| 18/29.01.2024, 18450 | 1572 |
| 302/24.03.2024, 330591 | 10846 |
| ആകെ | 32296 |

ഓഡിറ്റ് അന്വേഷണത്തിന് (നം.24/05.07.2024) മറുപടി ലഭ്യമായിട്ടില്ല.

വാഹനവാടക അനുവദിച്ചതു സംബന്ധിച്ച ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 32296 രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 ആർട്ട്കോ മുഖേന ഉപകരണങ്ങൾ വാങ്ങൽ - നിബന്ധനകൾ പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം | 334/24(വെള്ളാരംകുന്ന് സബ്സെന്ററിലേയ്ക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| അടങ്കൽ | 95500/- (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 95275 |
| സാങ്ഷൻ നം/ തീയതി | 329/25.03.2024, ₹95275 |

തെങ്കര ഗ്രാമപഞ്ചായത്ത്, പി.എച്ച്.സി യുടെ കീഴിലുള്ള വെള്ളാരംകുന്ന് സബ്സെന്ററിലേയ്ക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി പ്രകാരം താഴെപ്പറയുന്ന ഉപകരണങ്ങൾ ആർട്ട്കോ, തൃശ്ശൂർ എന്ന ഏജൻസിയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം.TSR-469, തീയതി. 29.02.2024 തുക.95275).

| ക്രമ നം. | ഉപകരണത്തിന്റെ വിവരം | എണ്ണം | ആകെ വില |
|---|---|---|---|
| 1 | CHAIRMAN BRAND STOOL | 20 | 8799.97 |
| 2 | FIBRE CHAIR ARMED (CHAIRMAN) | 20 | 14797.2 |
| 3 | HOSPITAL EXAMINATION TABLE SIZE 198CML X56CMW X 60CMH (USING 304G) | 1 | 12509.18 |
| 4 | STEEL CABINET WITH LOCKER 4 SHELVES 78*36*19 (20G) | 2 | 22941.56 |
| 5 | STEEL TABLE WITH 3 DRAWER ON RIGHT SIDE OR ONE DRAWER AND ONE CUP BOARD WITH 18MM NOVAPAN TOP 48*24*30 (20G) | 2 | 12831.32 |
| 6 | STEEL RACK SIZE 72*36*15 | 2 | 12831.32 |
| 7 | WALKER | 4 | 8471.15 |
| 8 | WALKING STICK | 4 | 2092.86 |
| | TOTAL | | 95274.56 |

സ.ഉ (സാധാ)നം.21/2023/SPD, തീയതി.24.02.2023 ഉത്തരവ് പ്രകാരം അനുബന്ധലിസ്റ്റിൽ ഉൾപ്പെട്ട ഫർണീച്ചറുകൾ ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണെന്നും ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ആർട്ട്കോ ഉപകരണങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ വാങ്ങാവൂ എന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. മേൽപ്പറഞ്ഞ ഉപകരണങ്ങൾ ഉത്തരവിൽ പരാമർശിച്ച പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്തവയാണ്.

സർക്കാർ ഉത്തരവിനു വിരുദ്ധമായി ഉപകരണങ്ങൾ വാങ്ങിയതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/04.07.2024) മറുപടി ലഭ്യമായിട്ടില്ല.

സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് ഉപകരണങ്ങൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-27 എ.ബി.സി പ്രോഗ്രാം -വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.**

| | |
|---|---|
| പ്രോജക്ട് നം. | 158/24 (എ).ബി.സി പദ്ധതി) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 100000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 100000/- |
| ബിൽ നം/ തിയതി | 6/26.03.2024, ₹100000/- |

തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായിട്ടുള്ള എ.ബി.സി പ്രോഗ്രാമിന്റെ ഭാഗമായി 100000/- രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്കു (അക്കൗണ്ട് നം.799011400002200) നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.09/04.07.2024) മറുപടി ലഭ്യമായില്ല.

ചെലവു തുകയുടെ വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.

**1-28 എസ്.എസ്.എ. വിഹിതം -വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല**

താഴെ പറയുന്ന പദ്ധതികൾക്കായി SSk പ്രൊജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. പദ്ധതി തുക വിനിയോഗിച്ചതിന്റെ വിവരം / വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് | നിർവഹണം | ഫണ്ട് | ബിൽ നമ്പർ | തുക |
|---|---|---|---|---|
| SSA Share (26/24) | ഹെഡ് മാസ്റ്റർ | Plan-Gen | 1/10.8.23 | 400000 |

2023-24 വർഷം പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുന്ന ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. 18/4.7.24 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ധനവിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് SSK യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പദ്ധതി നിർവഹണം മോണിറ്റർ ചെയ്യേണ്ടതും ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്

**1-29 മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ**

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 135 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 71 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. നടപ്പിലാക്കിയതിൽ 45 എണ്ണവും സ്പിൽ ഓവർ പ്രവൃത്തികളാണ്. 29651890 രൂപ വകയിരുത്തിയതിൽ 9884169 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 33% ആണ് തൻവർഷത്തെ ആകെ ചെലവ്.

<u>റോഡ്, റോഡിതര മെയ്ന്റനൻസ് ഫണ്ട് വകയിരുത്തൽ, ചെലവ് -ആസ്തി സംരക്ഷണ പദ്ധതിയുടെ അടിസ്ഥാനത്തിലല്ല</u>

2. റോഡ് മെയ്ന്റനൻസ് ഫണ്ടിനത്തിൽ 12209500 വകയിരുത്തി 46 പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 8പ്രൊജക്ടുകൾക്കായി 1862020 രൂപയാണ് (വകയിരുത്തിയ തുകയുടെ 15%) തൻവർഷം ആകെ ചെലവഴിച്ചിട്ടുള്ളത്. റോഡ് സംരക്ഷണ പ്രവൃത്തികൾക്കുള്ള ഫണ്ട് കാര്യക്ഷമമായി വിനിയോഗിച്ചിട്ടില്ല.

ജലജീവൻ മിഷൻ പൈപ്പ് ലൈൻ പ്രവൃതതികൾ പൂർത്തിയായശേഷംമാണ് റോഡ് പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞത് എന്നതിനാലാണ് പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ നൽകാൻ കഴിയാതിരുന്നത് എന്നാണ് നിർവഹണഉദ്യോഗസ്ഥ അറിയിച്ചത് (ഓഡിറ്റ് എൻക്വയരി - 17/3.7.24 )

3.റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല സ.ഉ(കൈ)നം.84/2022/തസ്വഭവ തിയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ.6.8 (1) പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന്

വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. നിലവിൽ പദ്ധതികൾക്ക് റോഡ്, റോഡിതര മെയ്ന്റനൻസ് ഫണ്ട് വകയിരുത്തുന്നതും, ചെലവഴിക്കുന്നതും ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതെയാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം മുൻഗണനാക്രമത്തിൽ ആസ്തി സംരക്ഷണ പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

4. ഡ്രെയ് നേജ് പ്രവൃത്തികൾ -മാസ്റ്റർ ഡ്രെയ് നേജ് പ്ലാനിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിച്ചിട്ടില്ല

സാമ്പത്തിക വർഷം 5ഡ്രെയ് നേജ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഡ്രെയ് നേജ് പ്രവർത്തികൾ 14-ാം പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള നിശ്ചിത ഡ്രെയ് നേജ് പ്ലാനിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ആസ്തി വിവരം കാലികമാക്കൽ - തൽസ്ഥിതി

തൻവർഷം ആസ്തികളുടെ ഡിജിറ്റലൈസേഷന് 22500 രൂപ (Proj.-303/24) ചെലവഴിച്ചിട്ടുണ്ട്.

ആസ്തികളുടെ വിവരം പൂർണ്ണമായും കാലികമാക്കിയിട്ടില്ല. റോഡിതര ആസ്തികളുടെ സർവ്വെ പൂർത്തീകരിച്ചിട്ടില്ല.

അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശ പ്രകാരം പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ച് ആസ്തികളുടെ പരിപാലനം, കയ്യൊഴിക്കൽ എന്നിവ കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായി മാത്രം നടപ്പാക്കേണ്ടതാണ്.

**1-30 പ്രവൃത്തികൾ ആരംഭിക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല**

മുൻവർഷങ്ങളിൽ ആരംഭിച്ച താഴെ പറയുന്ന സ്പിൽ ഓവർ പൊതുമരാമത്ത് പ്രവർത്തികൾ 2023-24 ലും നടപ്പിലാക്കിയിട്ടില്ല.

| Project No | | Amt | നിലവിലെ സ്ഥിതി |
|---|---|---|---|
| 294/24 | കെതച്ചിറ അങ്കണവാടി കുടിവെള്ളസൗകര്യം | 200000 | പ്രവൃത്തി പൂർത്തിയായിട്ടില്ല |
| 250/24 | ചേറുകുളം ഉറവിൽ കോളനി DWSS | 66397 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 266/24 | മുതലക്കുളം കുന്നംകുളം റോഡ് കൾവർട്ട് | 200000 | കരാർ വെച്ചുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 273/24 | കിഴക്കേക്കുന്ന് പുതിയ കോളനി ഡ്രൈനേജ് | 475000 | അതിർത്തി തർക്കം കാരണം പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 288/24 | Take A Break | 1600000 | ഇറിഗേഷൻ വകുപ്പ് വിട്ടു നൽകിയ<br>സ്ഥലത്താണ് ടേക് എ ബ്രേക് നിർമ്മിക്കുന്നത്. എന്നാൽ സ്ഥലത്തിന്റെ അളവ് ( Area ) സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു. അതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| 293/24 | K.M.Canal Road | 200000 | ഇറിഗേഷൻ NOC ലഭിച്ചിട്ടില്ല |
| 247/24 | ഹനുമന്ത നഗർ DWSS | 75000 | ഭൂജലവകുപ്പ് ടെസ്റ്റ് നടത്തിയിട്ടില്ലാത്തതിനാൽ പ്രവൃത്തിക്ക് കാലതാമസമുണ്ടായി |
| 267/24 | കൊറ്റിയോട് പൊതുകിണർ | 50000 | കരാർ വെച്ചുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| 300/24 | സോമൻപടി റോഡ് കൾവർട്ട് | 300000 | കരാർ വെച്ചുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 258/24 | മുതുവല്ലി റോഡ് കൾവർട്ട് | 65877 | കരാർ വെച്ചുവെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല |

മരാമത്ത് പ്രവൃത്തികൾ കരാറെടുത്ത കോൺട്രാക്ടർമാർ പണി നടത്താതിരുന്നിട്ടും എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല .കരാർ വെച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തികളുടെ കാര്യത്തിൽ നിയമാനുസൃതമുള്ള പിഴ ഈടാക്കികൊണ്ട് പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ അസി.എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

## 1-31 ഭരണസമിതിയോഗമിനുട്സ് ക്ലോസ് ചെയ്യുന്നതിൽ കാലതാമസം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ മാസങ്ങളോളം കാലതാമസം ഉണ്ടാകുന്നുണ്ട്.ഒരു യോഗം ഒഴികെ എല്ലാം മിനിട്ട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്. മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം ചേർന്ന തീയതി | സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി |
|---|---|
| 22/12/23 | 6/01/24 |
| 17/4/23 | 16/06/23 |
| 3/5/23 | 18/06/23 |
| 17/1/24 | 15/02/24 |
| 23/1/24 | 15/2/24 |
| 3/2/24 | 6/3/24 |
| 7/02/24 | 6/03/24 |
| 9/02/24 | 6/03/24 |
| 15/02/24 | 6/03/24<br>പ്രസിഡന്റ് 12.6.24 നാണ് അംഗീകരിച്ചത് |
| 17/02/24 | 6/03/24 |
| 27/02/24 | 18/05/24 |
| 6/03/24 | 18/05/24 |
| 15/03/24 | 18/05/24 |

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനുള്ള കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 23/5.7.24 ന് മറുപടി യായി ഭാവിയിൽ സമയപരിധിക്കകം മിനുട്സ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിട്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്സ് തയ്യാറാക്കി അംഗീകാരം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ കേരളത്തിലെ മാലിന്യസംസ്കരണം ഹരിത കർമ്മ സേനയിലൂടെ - അവലോകനം

കേരളപഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 219(എ) മുതൽ (എസ് ) വരെയുള്ള വകുപ്പുകൾ പ്രകാരം മാലിന്യനിർമാർജനം ചെയ്യുന്നതിൽ പഞ്ചായത്തിന്റെയും മാലിന്യ ഉൽപ്പാദകരുടെയും

ചുമതലകൾ താഴെ പറയും പ്രകാരം നിർവചിച്ചിട്ടുണ്ട്.

സെക്ഷൻ 219 ഡി - പഞ്ചായത്ത് പരിധിയിലുള്ള വീട് വീടാന്തരമുള്ള ചവറും ഖരമാലിന്യവും ശേഖരിക്കുന്നതിന് സെക്രട്ടറിക്ക് ഏർപ്പാട് ചെയ്യാവുന്നതാണ്.

സെക്ഷൻ 219 F - മാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുകയും വിജ്ഞാപനം ചെയ്യുകയും ചെയ്യേണ്ടതാണ്. സെക്ഷൻ 219 G – മാലിന്യസംസ്കരണത്തിന്റെയോ കൈയ്യൊഴിക്കലിന്റെയോ ആവശ്യത്തിലേക്കായി പഞ്ചായത്തിന് ഏതെങ്കിലും സ്ഥാപനം പ്രവർത്തിപ്പിക്കുകയോ പരിപാലിക്കുകയോ ചെയ്യാവുന്നതാണ്.

പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകളും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പരിസ്ഥിതി സംരക്ഷണ നിയമം-1986, 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ എന്നിവയും അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ സ്റ്റേറ്റ് പോളിസിയും സ്ട്രാറ്റജിയും ഹരിതകേരള മിഷനിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്.

**സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ**

1) 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

2)15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

3)12.08.2020ലെ 1496/2020/തസ്വഭവ നമ്പർ പ്രവർത്തനമാർഗ്ഗരേഖ

4)സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 - എം.സി.എഫ്, ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും

**ആമുഖം**

കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങളും മാർഗനിർദേശങ്ങളും അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തിലെ നാളിതുവരെയുള്ള പ്രവർത്തനവും നിലവിലെ സ്ഥിതിയും പരിശോധിച്ചതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

**<u>ഹരിത കർമ്മസേനയുടെ രൂപീകരണം</u>**

തെങ്കര ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തനമാരംഭിച്ചത് 01.6.2020 നാണ് . 17 വാർഡുകളുള്ള തെങ്കര ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയിൽ നിലവിൽ 34അംഗങ്ങളാണുള്ളത്.

പ്രവർത്തന പ്രദേശത്തെ വീടുകളും സ്ഥാപനങ്ങളും നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതല ഹരിതകർമ്മസേനയിൽ നിക്ഷിപ്തമാണ്.

**<u>അടിസ്ഥാന വിവരങ്ങൾ</u>**

ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 30831 ആണ്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ ( ഓഡിറ്റ് എൻക്വയറി - 2/28.6.24 ) പ്രകാരം ആകെ കെട്ടിടങ്ങളിൽ 7462 എണ്ണം റസിഡൻഷ്യൽ വിഭാഗത്തിലുള്ളതും, 432എണ്ണം നോൺ റസിഡൻഷ്യൽ വിഭാഗത്തിലുള്ളതുമാണ്. ഇതിൽ 163 കെട്ടിടങ്ങൾ അടഞ്ഞുകിടക്കുന്നവയാണ്. സ്മാർട്ട് ഗാർബേജ് പ്രൊജക്ട് പ്രകാരം കെട്ടിടങ്ങളിൽ QRകോഡ് പതിച്ചിട്ടുണ്ട്. 99% എന്റോൾമെന്റ് പൂർത്തിയായിട്ടുണ്ട്.

എന്നാൽ ഹരിതമിത്രം App പ്രകാരം ആകെ 77% കെട്ടിടങ്ങളുടെ എന്റോൾമെന്റ് പൂർത്തീയായതായാണ് കാണുന്നത്. ആയത് തിരുത്തൽ വരുത്തുന്നതിന് ശുചിത്വമിഷന് അപേക്ഷ നൽകിയിട്ടുണ്ട്.

ക്യു. ആർ. കോഡ് സ്ഥാപിക്കുമ്പോൾ നെറ്റ് കണക്ടിവിറ്റിയിലെ പ്രശ്നങ്ങൾ കാരണം ഒരു കെട്ടിടത്തിൽ ഒന്നിലധികം QR Code പതിക്കേണ്ടിവരുകയും ഹരിതമിത്രം App ലെ കണക്കുകളിൽ Duplication വന്നതിനാലുമാണ് കെട്ടിടങ്ങളുടെ എണ്ണത്തിൽ പൊരുത്തക്കേട് ഉണ്ടായത് എന്നാണ് അറിയിച്ചത്.

**<u>നിലവിലെ പ്രവർത്തനങ്ങൾ</u>**

ജനുവരി മുതൽ ഡിസംബർ വരെ ഹരിത കർമ്മസേനാംഗങ്ങൾക്ക് ഭവന സന്ദർശന ഷെഡ്യൂൾ (മാലിന്യ ശേഖരണ കലണ്ടർ) തയ്യാറാക്കിയിട്ടുണ്ട്. എല്ലാ മാസവും എല്ലാത്തരം പ്ലാസ്റ്റിക്കും

ശേഖരിക്കുന്നുണ്ട് . QR കോഡ് പതിച്ച കെട്ടിടങ്ങൾ മുഴുവൻ സബ്സ്ക്രൈബ് ചെയ്യപ്പെടാത്തതും സബ്സ്ക്രൈബ് ചെയ്തവയിൽ നിന്നും പൂർണ്ണമായും പ്രതിമാസം ഫീസ് ലഭിക്കാത്തതുമായ അവസ്ഥ നിലനിൽക്കുന്നു.

വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും തരം തിരിക്കാതെയാണ് പാഴ്വസ്തുക്കൾ ശേഖരിച്ച് MCF കേന്ദ്രത്തിൽ എത്തിക്കുന്നത്. പ്രതിമാസം ശരാശരി 2ടൺ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നുണ്ട്. നിലവിൽ MCF ൽ എത്തിക്കുന്ന മാലിന്യം വേർതിരിക്കാതെ സ്വകാര്യ ഏജൻസിക്ക് ( 23-24 ൽ ക്ലീൻ കേരള കമ്പനിക്ക് ആണ് പ്ലാസ്റ്റിക് നൽകിയിരുന്നത്. ) നൽകുകയാണ് ചെയ്യുന്നത്. Segregation നടത്തുന്നതിനുള്ള സ്ഥലസൗകര്യം നിലവിൽ ലഭ്യമല്ല.

**<u>അടിസ്ഥാന സൗകര്യങ്ങൾ -</u>**

മാലിന്യ സംസ്ക്കരണത്തിനായി പഞ്ചായത്തിൽ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. 200 Square Feet ൽ താഴെ ഉള്ള സ്ഥലത്താണ് MCF കെട്ടിടം നിലനിൽക്കുന്നത്. വാർഡ് 12 ഒഴികെ മറ്റ് വാർഡുകളിൽ Mini MCF നിലവിലുണ്ട്.

MCF സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി മുൻവർഷങ്ങളിൽ പ്രൊജക്ട് വച്ചെങ്കിലും(നം. 76/23, എം സി എഫ് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ- 2634719 ധനകാര്യകമ്മീഷൻ അവാർഡ്) ലഭ്യമായില്ല. ഏറ്റെടുക്കാനുദേശിച്ച സ്ഥലത്ത് പരിസരവാസികളുടെ എതിർപ്പ് മൂലം പദ്ധതി പ്രാവർത്തികമാക്കാനായില്ല. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ രണ്ട് തവണ സമവായ ചർച്ച നടത്തിയെങ്കിലും ജനങ്ങളുടെ നിസ്സഹകരണം കാരണം MCF ന് സ്ഥലം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

നിലവിൽ വളരെ ചെറിയ ഒരു കെട്ടിടത്തിലെ ഒരു മുറി മാത്രമാണ് MCF നായി വാടകയ്ക്ക് എടുത്തിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന് മുൻവശത്ത് റോഡരികിലാണ് മാലിന്യം സംഭരിക്കുന്നത്. സ്ഥലമില്ലാത്തതിനാൽ മെഷിനറികൾ വാങ്ങുവാനോ മാലിന്യം Segregation നടത്തുവാനോ സാധ്യമല്ല.

MCF നായി കൂടുതൽ സൗകര്യപ്രദമായ കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്ഥലപരിമിതി ഉള്ളതിനാൽ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ എം.സി.എഫിൽ സംഭരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. നിലിവൽ സെഗ്രിഗേഷൻ നടക്കുന്നില്ല, .

ഹരിതകർമ്മസേന അംഗങ്ങൾക്ക് ഗ്ലൗസ് നൽകിയിട്ടുണ്ട്. MCF ൽ Fire Extinguisher വാങ്ങി വച്ചിട്ടുണ്ട്. മിനി എം. സി.എഫ് മായി ജിയോടാഗിംങ്ങ് നടത്തിയിട്ടുണ്ട്.

**<u>വരുമാനസ്രോതസ്സുകൾ</u>**

പഞ്ചായത്ത് ഡയറക്ടറുടെ PAN17452/2022/C3/DPയ 7-12-2022പ്രകാരം ബൈലോ അംഗീകരിച്ചിട്ടുണ്ട്,. ബൈലോ പ്രകാരം വീടുകളിൽ നിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയുമാണ് യൂസർ ഫീ ആയി ഈടാക്കി വരുന്നത്.

പാഴ്വസ്തുക്കൾ തരം തിരിക്കാത്തതിനാൽ ഇവയുടെ വില്പന നടക്കുന്നില്ല. ഈയിനത്തിൽ ഹരിത കർമ്മസേനയ്ക്ക് വരുമാനമൊന്നും ലഭിക്കുന്നില്ല. എന്നാൽ തരംതിരിക്കാത്ത ലെഗസി മാലിന്യം കൈയ്യൊഴിയുന്നതിന് ക്ലീൻ കേരള കമ്പനിക്ക് 2023 -24 ൽ 256/- രൂപയും Green Worms എന്ന സ്ഥാപനത്തിന് 255320 രൂപയുംനൽകിയിട്ടുണ്ട്. ലെഗസി വേസ്റ്റിൽ നിന്നും Green Worms നേരിട്ട് മാലിന്യം തരംതിരിച്ച് അതിൽ നിന്നുള്ള വരുമാനമായി 40085 രൂപ ഹരിതകർമ്മസേനയ്ക്ക് തിരികെ നൽകിയിട്ടുണ്ട്.

നിലവിൽ യൂസർഫീ ഇനത്തിൽ ലഭിക്കുന്ന തുക മാത്രമാണ് ഹരിതകർമ്മസേനയുടെ വരുമാനം . വയബിലിറ്റി ഗാപ് ഫണ്ട് നല്കേണ്ടി വരുന്നില്ല. അംഗങ്ങൾക്ക് 240 തൊഴിൽദിനങ്ങൾ നൽകിവരുന്നുണ്ട് .ഒരു അംഗത്തിന് 5000- രൂപ നിരക്കിൽ പ്രതിമാസം പ്രതിഫലം ലഭിക്കുന്നുണ്ട്. 2023-24 ൽ 1667903 രൂപ യൂസർഫീ ഇനത്തിൽ വരവുണ്ട്.

മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ നിർദേശിച്ചിട്ടുണ്ട്..ഹരിതകർമ്മസേനയുടെ പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിനായി എല്ലാ മാസവും റിവ്യു മീറ്റിംഗ് നടത്തുന്നുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് ക്ലർക്ക് എന്നിവർ ഫീൽഡ് വിസിറ്റ് നടത്തി യൂസർഫീ പിരിവ് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. എല്ലാ മാസവും പഞ്ചായത്ത് തലത്തിലും മീറ്റിംഗ് നടത്തുന്നുണ്ട്. കുടുംബശ്രീ പ്രവർത്തകരുമായി ചേർന്ന്

വീടുകളിൽ സന്ദർശനം നടത്തി ബോധവൽക്കരണം നടത്തിയിട്ടുണ്ട്.എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടും ഹരിത മിത്രം പോർട്ടലിലെ വിശദാംശങ്ങൾ പരിശോധിച്ചതിൽ പല വീടുകളും യൂസർഫീ നൽകാൻ അവശേഷിക്കുന്നതായി കാണുന്നു.

വാഹനം -

ഇലക്ട്രിക് ഓട്ടോയാണ് മാലിന്യം MCF ലേക്ക് കൊണ്ടുപോവുന്നതിന് ഉപയോഗിക്കുന്നത്. ഹരിതകർമ്മസേന അംഗങ്ങൾ തന്നെയാണ് വാഹനം ഡ്രൈവ് ചെയ്യുന്നത്. ചെറിയ വാഹനമായതിനാൽ ഒരു വാർഡിലെ മാലിന്യം നീക്കം ചെയ്യുന്നത് പോലും 4 – 5 തവണയായാണ് . കൂടുതൽ Carrying Capacity ഉള്ള വാഹനം പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുന്നതിനുള്ള ശ്രമങ്ങൾ നടത്താവുന്നതാണ്.

ഉറവിട മാലിന്യ സംസ്ക്കരണം

ഉറവിട മാലിന്യ സംസ്ക്കരണത്തിനായി ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്യുന്ന പദ്ധതി ഒഴികെ പഞ്ചായത്ത് പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

വീടുകളിലെ ജൈവമാലിന്യ സംസ്കരണ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുവാൻ ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് സാധിക്കും എന്നതു കണക്കിലെടുത്ത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്.

**<u>മോണിറ്ററിംഗ്</u>**

ഹരിത കർമ്മസേനയുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ മോണിറ്റർ ചെയ്യുന്നുണ്ട്. . പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ തയ്യാറാക്കുകയും, ഹരിത ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിക്കുയും ചെയ്യുന്നുമുണ്ട്. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം തടയൽ , പ്ലാസ്റ്റിക്ക് കത്തിക്കുന്നതിന് പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 10 പരാതികൾ വാർറൂം പോർട്ടലിൽ ലഭ്യമായതിൽ നടപടി സ്വീകരിക്കുകയും പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. വിജിലൻസ് സ്ക്വാഡ് എല്ലാ മാസവും പരിശോധന നടത്തുന്നുണ്ട്. 2023- 2024 ൽ 34500/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

.മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യ സംസ്കരണത്തിനായി വ്യക്തമായ പ്ലാൻ തയ്യാറാക്കൽ, പൊതുജനങ്ങൾക്കിടയിൽ ബോധവത്ക്കരണം, യൂസർഫി പിരിവ് മുതലായവ ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

.അടിസ്ഥാനസൗകര്യങ്ങളുള്ള ിരം MCF സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

.ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹികതല സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ആവശ്യകതാ നിർണ്ണയ സർവെ നടത്തി, സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

.ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധന കർശനമാക്കേണ്ടതാണ്.

.സമയബന്ധിതമായും, കൃത്യമായ ഇടവേളകളിലും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം മാലിന്യം ഏറ്റെടുക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

.ബദൽ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

.ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് എല്ലാ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാലിന്യം സ്രോതസ്സിൽ നിന്ന് തന്നെ തരംതിരിച്ച് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

.പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ

പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

.മാലിന്യ സംസ്ക്കരണം , തരം തിരിക്കൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മാലിന്യം വേർതിരിച്ച് ഏജൻസിക്ക് നൽകി വരുമാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

.യൂസർ ഫീ കൃത്യമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

.അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

.എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 2/28.06.2024)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവനനിർമ്മാണം- ഗുണഭോക്താക്കൾക്ക് അധികമായി തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 139/24 (ലൈഫ് ഭവനപദ്ധതി-ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 56000000/- (5756400-വികസനഫണ്ട് (Gen), സംസ്ഥാനാവിഷ്കൃത ഫണ്ട് -20000000, ബ്ലോക്ക് വിഹിതം-5243600, ജില്ലാപഞ്ചായത്ത് വിഹിതം-5000000 മറ്റുള്ളവ-20000000) |
| ചെലവ് | 8186000 (4618000-വികസനഫണ്ട് (Gen), ബ്ലോക്ക് വിഹിതം-3568000) |
| ബിൽ നം/ തിയതി | 12/19.06.2023, 360000<br>143/08.11.2023, 1000000<br>22/07.07.2023, 1040000<br>122/03.10.2023, 768000<br>105/07.09.2023, 760000<br>210/25.01.2024, 2440000<br>215/27.01.2024, 1818000 |

തെങ്കര ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ട ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് 400000 രൂപ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്.

ലൈഫ് രജിസ്റ്റർ, ചെലവുരേഖകൾ എന്നിവ പരിശോധിച്ചതിൽ, താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയിൽ കൂടുതൽ തുക അനുവദിച്ചതായി കണ്ടെത്തി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സുനിത, W/O.ഉണ്ണികൃഷ്ണൻ, പള്ളിക്കുന്നിൽ വീട്, കോൽപ്പാടം, തെങ്കര (വാർഡ്-6) എന്ന

ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയ്ക്ക് പകരം 440000 രൂപ (A/C No.363701000004493, IOBA0003637)അനുവദിച്ചിട്ടുണ്ട്. (ആധാർ നം.671185110813)

അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബിൽ നം. തീയതി | തുക |
|---|---|---|
| സംസ്ഥാന വിഹിതം | Cheque No.703084, 14.11.2022 | 100000 |
| ബ്ലോക്ക് വിഹിതം | UTR No. RBI0802362629547 18.03.2023 | 160000 |
| ബ്ലോക്ക് വിഹിതം | 6/07.09.2023, 760000 | 100000 |
| വികസനഫണ്ട് (Gen) | 11/25.01.2024, 2440000 | 40000 |
| വികസനഫണ്ട് (Gen) | 14/29.01.2024, 1818000 | 40000 |
| ആകെ | | 440000 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന് ജനറൽ വിഭാഗക്കാർക്ക് നൽകാവുന്ന പരമാവധി തുക 4 ലക്ഷം രൂപയാണ്. 40000 രൂപ ഗുണഭോക്താവിന് അധികം നൽകിയിട്ടുണ്ട്.

2) സുധീഷ്, S/O.സുന്ദരൻ, ഉറവിൽ, ചേറുംകുളം, തെങ്കര (വാർഡ്-7) എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപയ്ക്ക് പകരം 460000 രൂപ (A/C No.20422516981,) അനുവദിച്ചിട്ടുണ്ട്. (ആധാർ നം.652494274676)

അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബിൽ നം. തീയതി | തുക |
|---|---|---|
| വികസനഫണ്ട് (SCP) | RBI0812268852955/ 19.03.2022 | 40000 |
| വികസനഫണ്ട് (SCP) | RBI1612293657985, 08.06.2022 | 100000 |
| സംസ്ഥാന വിഹിതം | Cheque No.705020, 15.07.22 | 100000 |
| വികസനഫണ്ട് | RBI2602242499498, 05.09.22 | 60000 |
| വികസനഫണ്ട് | RBI3372276941165/ 2.12.22 (1220000/-) | 60000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2/22.06.2023, 1320000 | 60000 |
| വികസനഫണ്ട് (Gen) | 14/27.01.2024, 1818000 | 40000 |
| ആകെ | | 460000 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന് ജനറൽ വിഭാഗക്കാർക്ക് നൽകാവുന്ന പരമാവധി തുക 4 ലക്ഷം രൂപയാണ്. 60000 രൂപ ഗുണഭോക്താവിന് അധികം നൽകിയിട്ടുണ്ട്.

3) ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കൾ അനുവദിക്കുമ്പോൾ കൃത്യമായി ലൈഫ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്താതിനാൽ മറ്റു ഗുണഭോക്താക്കൾക്ക് അധികമായി തുക അനുവദിച്ചിട്ടുണ്ടോ എന്നത് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25 & 28, 05.07.2024) മറുപടി ലഭിച്ചിട്ടില്ല.ലൈഫ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

അധികമായി അനുവദിച്ച 100000 രൂപ (40000+60000) നിരാകരിക്കുന്നു. തുക ഗുണഭോക്താക്കളിൽ നിന്നോ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് തിരച്ചടക്കേണ്ടതാണ്.

**3-2 അങ്കണവാടി പോഷകാഹാരം- അധിക തുക നല്കി**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി 3 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം-68/24(അങ്കണവാടി പോഷകാഹാരം-ജനറൽ) |
|---|

| |
|---|
| അടങ്കൽ- 2800000 (1800000-വികസനഫണ്ട് (ജനറൽ) 1000000- കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെലവ്- 2767194 (1780665-വികസനഫണ്ട് (ജനറൽ) 986529- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| പ്രോജക്ട് നം-71/24 (അങ്കണവാടി പോഷകാഹാരം-SCP)<br>അടങ്കൽ- 900000 (800000-വികസനഫണ്ട് (SCP) 100000- കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെലവ്- 653200 (554225-വികസനഫണ്ട് (SCP) 98975- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| പ്രോജക്ട് നം-77/24 (അങ്കണവാടി പോഷകാഹാരം-TSP)<br>അടങ്കൽ- 300000 (200000-വികസനഫണ്ട് (TSP) 100000- കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ചെലവ്- 269242 (200000-വികസനഫണ്ട് (TSP) 69242- കേന്ദ്രാവിഷ്കൃത ഫണ്ട്) |

അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സാധനങ്ങൾ വാങ്ങിയതിനുള്ള തുക അനുവദിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തെങ്കര മാവേലി സ്റ്റോറിൽ നിന്നും വാങ്ങിയ ഭക്ഷ്യ സാധനങ്ങളുടെ ഒരേ ബില്ലിനു തന്നെ 2022-23, 2023-24 എന്നീ വർഷങ്ങളിൽ തുക അനുവദിച്ചിട്ടുണ്ട്. (A/C No. 14090200003338) അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇഷ്യു നം/ തീയതി, തുക | 2022-23 വർഷം അനുവദിച്ച തുക | ബിൽ നം/ തീയതി, തുക | 2023-24 വർഷം അനുവദിച്ച തുക | ബിൽ നം/ തീയതി, തുക |
|---|---|---|---|---|
| 0905113/22203, 19.10.2022, **86763** | 86763 | 221/17.03.2023, 599707 (Pro.50/23) Cheque No. 000004/ 24.03.2023, | 86763 | 2/11.07.2023, 605107 (Project.68/24) General Fund |
| 0905113/22229, 30.11.2022, **7920** | 7920 | | 7920 | |
| 0905113/22226, 21.11.2022, **158628** | 158628 | | 158628 | |
| ആകെ | 253311 | | 253311 | |

ആകെ 253311 രൂപ അധികമായി നൽകിയിട്ടുണ്ട്.

2) തെങ്കര മാവേലി സ്റ്റോറിൽ നിന്നും ഇഷ്യു നം.0905113/23120, തീയതി.11.11.2023 പ്രകാരം 100263 രൂപയ്ക്ക് ഭക്ഷ്യ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നം.68/24, ബിൽ നം.14/23-24 , തീയതി. 16.12.2023 തുക.198067 പ്രകാരം 45930 രൂപയും പ്രോജക്ട് നം.77/24, UTR നം.N088242956174205 , തീയതി.28.03.2024 (Voucher No- 22301188 /28.3.24 )തുക.69242 പ്രകാരം 69242 രൂപയും ഉൾപ്പെടെ 115172 രൂപ അനുവദിച്ചിട്ടുണ്ട്. 100263 രൂപയ്ക്ക് പകരം 115172 രൂപ നൽകിയതിലൂടെ 14909 രൂപ അധികം നൽകി.

3) പ്രോജക്ട് നം.68/24 ഭാഗമായി ഭക്ഷ്യസാധനങ്ങൾ ഇറക്കിയ വകയിൽ ചെക്ക് നം.000006/27.03.2024, പ്രകാരം 218115 രൂപ നക്ഷത്ര കുടുംബശ്രീ യൂണിറ്റ്, വിയ്യകുറിശ്ശി, നൊട്ടമല എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് (നം.37223648558 ) നൽകിയിട്ടുണ്ട്. ലഭ്യമായ സാധനങ്ങളും ഇൻവോയ്സുകളും പരിശോധിച്ചതിൽ, 216091 രൂപയാണ് സ്ഥാപനത്തിന് നൽകാനുള്ളത്. 2024 രൂപ അധികമായി നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/04.07.2024) മറുപടി നൽകിയിട്ടില്ല.
അധികമായി നൽകിയ 270244 (253311+14909+2024) രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തിയതി |
|---|---|---|
| 2023-24 | 27-6-2024 മുതൽ 5-7-2024 വരെ (2023-24 വർഷത്തെ ഓഡിറ്റിനോടൊപ്പം) | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | മുൻവർഷങ്ങളിൽ ലഭിച്ചത് | 2250184 | - | 0 | 2250184 |
| | 2022 -23 | 295980 | 96/24-നെൽകൃഷി വികസനം | 295980 | 0 |
| | | 228689 | 31/24-പാലിയേറ്റീവ് കെയർ | 228689 | 0 |
| | | 1140000 | 141/24-Life SCP | 1140000 | 0 |
| | | 3568000 | 139/24-Life General | 3568000 | 0 |
| | | 1361000 | 179/24-Life TSP | 1361000 | 0 |
| | | 200000 | 78/24-സ്കോളർഷിപ്പ് | 200000 | 0 |
| | | 200000 | 24/24-പാൽ സബ്സിഡി | 200000 | 0 |
| | | 332880 | 25/24-കാലിത്തീറ്റ സബ്സിഡി | 332880 | 0 |
| ആകെ ബ്ലോക്ക് | | 9576733 | 0 | 7326549 | 2250184 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | മുൻ വർഷങ്ങളിൽ ലഭിച്ചത് | 6319316 | - | ० | 6319316 |
| | 2022 -23 | 202800 | 96/24-നെൽകൃഷി വികസനം | 202800 | ० |
| | | 1320000 | 61/23-Life SCP | 1320000 | 0 |
| | | 86141 | 78/24-സ്കോളർഷിപ്പ് | 86141 | 0 |
| | | 100000 | 69/23-പാൽ സബ്സിഡി | 100000 | 0 |
| ആകെ | | 8028257 | 0 | 1708941 | 6319316 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് ന | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻ വർഷം ലഭിച്ചത് | ആകെ | തൻ വർഷം തിരിച്ചടച്ച | വർഷാവസാനം തിരിച്ചടയ് |
|---|---|---|---|---|---|---|

| | നമ്പർ/ തിയ്യതി | ബാക്കി യുണ്ടായിരുന്ന തുക | | | തുക | | ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC വായ്പ | - | 61149134 | 2040000 | 63189134 | 7048769 | - | 56140365 |

(*) തിരിച്ചടവിൽ ജി.ഒ പ്രോജക്ടുകൾ പ്രകാരമുള്ള തുകയായ 6988769 രൂപയും ജമീല എന്ന ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കിയ 60000 രൂപയും ഉൾപ്പെടും.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6489 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2021-22 | 3-1 | 4760 | ആരതി.അസിസ്റ്റന്റ് എഞ്ചിനീയർ | 1230101110/10.7.23 |
| 2022-23 | | 63 | MGNREGS | 1230102777/11-1-24 |

1666 രൂപ 2022-23 ഓഡിറ്റ് എൻക്വയറി പ്രകാരം ഒടുക്കിയതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഒന്നുമില്ല.

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക
തുക ഈടാക്കിയിട്ടില്ല.
(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക
തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 73248189.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41466018.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 370244 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 100000 | ശ്രീ.മഹേഷ്.ടി.എം വി.ഇ.ഒ |
| 3-2 | 270244 | ശ്രീമതി.ശ്രീലത.കെ ഐ.സി.ഡി.എസ് സൂപ്പർവൈസർ |

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഒന്നുമില്ല

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മഹേഷ്.ടി.എം വി.ഇ.ഒ | വി.ഇ.ഒ തെങ്കര ഗ്രാമപഞ്ചായത്ത് | താനിക്കുന്നിൽ ഹൗസ്,പനയംപാടം,കരിമ്പ (പി ഒ) പാലക്കാട് ജില്ല 678597 |
| ശ്രീമതി.ശ്രീലത.കെ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ തെങ്കര ഗ്രാമപഞ്ചായത്ത് | തുളസീദളം , പെരിമ്പടാരി (പി ഒ) മണ്ണാർക്കാട് 678762 Ph- 9645706162 Mail Id – Sreelathak36@Gmail.Com |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2007-08 | കെ.എസ്.എ -പി.കെ.ഡി. 25/1220/2022 / 28.11.2021 | 1 |
| 2008-09, 2009-10, 2010-11 | | 8 |
| 2011-12 | | 5 |
| 2012-13 | എൽ.എഫ്.പി.22-836/15/ 6-10-15 | 3 |
| 2013-14, 2014-15 | കെ.എസ്.എ. പി. കെ.ഡി. 9/ 1227/16/ 2-8-2016 | 23 |
| 2015-16 | കെ എസ് എ.പി കെ ഡി-9 /2300/16/30.12.16 | 10 |
| 2016-17 | കെ എസ് എ.പികെഡി-9/ 1714/17/ 1.11.17 | 8 |
| 2017-18 | കെ എസ് എ. പികെഡി9/ 310/19/ 12.03.19 | 38 |
| 2018-19 | കെ എസ് എ. പികെഡി9/ 310/19/ 12.03.19 | 10 |
| 2019-20 | കെ എസ് എ. പികെഡി9/ 1451/22/ 06.07.2022 | 4 |
| 2020-21 | കെ എസ് എ. പികെഡി9/ 1451/22/ 06.07.2022 | 22 |
| 2021-22 | കെ എസ് എ. പികെഡി25-581/2023/ 03.05.2023 | 29 |
| 2022-23 | കെ എസ് എ. പികെഡി25/1709/23 | 30 |

റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 15-05-2024 and submitted on 16-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thenkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thenkara Grama Panchayat as on 31-03-2024

**Date: 14/08/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Thenkara Grama Panchayat for the Year 2023-2024.

### 1.Major Observations

nil

### 2.Other Observations

1. All the mandatory financial statements prescribed in accounting rules not submitted for audit

2.Asset register not updated . Hence the value of Fixed assets (schedule-B11) & accumulated depreciation (schedule-B11(a) as per Balancesheet could not be verified

3. The expenditure in the annual accounts and the same in the ACR & Sulekha statement is different in respect of the following funds

a) Maintanence Grant (Non Road)

b) CFC

**Deputy Director**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3
# വാർഷികകണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| Thenkara Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 26348491.00 |
| Cash | Cash | RP-40(a) | 86873.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 744800.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 2672458.00 |
| 150000000 | Sale & Hire Charges | RP-5 | 213443.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 12287700.00 |
| 171000000 | Interest Earned | RP-9 | 230437.00 |
| 190000000 | Prior Period Income | RP-11 | 1100.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 32225.00 |
| 311000000 | Earmarked Funds | RP-28 | 338.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 19144998.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8995443.00 |
| 460000000 | Loans, Advances and Deposits | RP-49 | 66518.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 10724.00 |
| 330000000 | Secured Loans | RP-31 | 2040000.00 |
| 340000000 | Deposits Received | RP-33 | 64238.00 |
| 350000000 | Other Liabilities | RP-35 | 308403.00 |
| | Grand total | | 73248189.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 59585.00 |
| 240000000 | Interest & Finance Charges | RP-15 | 0.0 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 30000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 0.0 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 22500.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8190676.00 |
| 460000000 | Loans, Advances and Deposits | RP-49 | 2239957.00 |
| | Non Operating | | |
| 330000000 | Secured Loans | RP-31 | 60000.00 |
| 340000000 | Deposits Received | RP-33 | 81877.00 |
| 350000000 | Other Liabilities | RP-35 | 30781423.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 31657924.00 |
| Cash | Cash | RP-40(b) | 124247.00 |
| | Grand Total | | 73248189.00 |

| | | | |
|---|---|---|---|
| Thenkara Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5047129.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 2813328.00 |
| 150000000 | Sale & Hire Charges | I-5 | 213443.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 160815423.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 230437.00 |
| 180000000 | Other Income | I-9 | 10724.00 |
| 190000000 | Prior Period Income | I-19 | 37791.00 |
| | Total Income | | 169130484.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 10517228.00 |
| 220000000 | Administrative Expenses | I-11 | 1381461.00 |
| 230000000 | Operations & Maintenance | I-12 | 4447488.00 |
| 240000000 | Interest & Finance Charges | I-13 | 548.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3911128.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 36906079.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 12048913.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 56162639.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 43667200.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 810209.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 10099282.00 |
| | Total Expenditure | | 179952175.00 |
| | Gross Surplus / Deficit of income over Expenditure | | -10821691.00 |
| | Gross Surplus / Deficit of income over Expenditure | | -11099198.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 315298.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -277507.00 |

| | | | |
|---|---|---|---|
| | Thenkara Panchayat BALANCE SHEET | | |
| | As on 31-March-2024 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -33587998.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/ Trust or Agency Fund | B-2 | 8792.00 |
| 312000000 | Reserves | B-3 | 103164768.00 |
| | Total Reserve & Surplus | | 69585562.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 31854969.00 |
| | Total Grants, Contributions for Specific Purposes | | 31854969.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 56140365.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 56140365.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 416531.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1663254.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2079785.00 |
| | TOTAL LIABILITIES | | 159660681.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1556837.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1072796.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 24740391.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 87877539.00 |
| 416000000 | Accumulated Depreciation | B-11(a) | -56063307.00 |
| | Total Fixed Assets | | 59184256.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 9221180.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 56140365.00 |
| 450000000 | Cash and Bank Balance | B-17 | 31782171.00 |
| 460000000 | Loans, Advances and Deposits | B-18 | 3332709.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 100476425.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 159660681.00 |

ഡെപ്യൂട്ടി ഡയറക്ടർ